ഇന്നലെയും തിരച്ചിൽ

തേങ്ങലൊടുങ്ങാതെ തീരം

യു വിനയൻ

താനൂർ

ജനക്കൂട്ടം പൂരപ്പുഴ തീരത്തുനിന്നൊഴിഞ്ഞു. കൂട്ടക്കരച്ചിലുകൾ തേങ്ങലുകൾക്ക് വഴിമാറി. പരപ്പനങ്ങാടി പുത്തൻ കടപ്പുറം വലിയ ജുമാഅത്ത് പള്ളിയിൽ കുന്നുമ്മൽ വീട്ടിലെ 11 പേരുടെ ഖബർസ്ഥാനിലെത്തി അന്ത്യാഞ്ജലിയർപ്പിച്ച് മടങ്ങിയവർ കണ്ണീർവാർത്തു. മരിച്ചവരുടെ വീടുകളിലെത്തിയ ബന്ധുക്കളും സുഹൃത്തുക്കളും ആശ്വാസവാക്കുകൾ കിട്ടാതെ വെമ്പി. ഞായറാഴ്ച രാത്രിയുടെ ഞെട്ടലിൽനിന്ന് താനൂർ മുക്തമായിട്ടില്ല.

അപകടമുണ്ടായിടത്ത് ചൊവ്വാഴ്ചയും തിരച്ചിൽ നടത്തി. ബോട്ടിൽ കയറിയവരുടെ എണ്ണത്തിൽ അവ്യക്തതയുള്ളതിനാൽ എല്ലാവർക്കും ആശങ്ക. തിരച്ചിൽ സംഘം ഓരോതവണയും കരയിലേക്ക് വരുമ്പോഴും തീരത്തുള്ളവർ നെടുവീർപ്പിട്ടു. 'ഇനിയാരും ഉണ്ടാവാതിരിക്കട്ടെ'– നാട്ടുകാർ പരസ്പരം പറഞ്ഞു.

'അപകടം നടന്നപ്പോൾ ആദ്യം ഓടിയെത്തിയവരുടെ കൂട്ടത്തിൽ ഞാനുമുണ്ടായിരുന്നു. അവിടെക്കണ്ട കാഴ്ചകൾ ഇപ്പോഴും കണ്ണിൽനിന്ന് മാഞ്ഞിട്ടില്ല. രക്ഷാപ്രവർത്തനം അതിവേഗമായിരുന്നു. നാട്ടുകാരും സർക്കാർ സംവിധാനവും കൈകോർത്തു. അപകടസ്ഥലത്ത് ആരെയും കാണാതായതായി ഇതുവരെ വിവരമില്ല. ഇനിയാരും അകപ്പെട്ടിട്ടുണ്ടാവില്ലെന്ന് പ്രതീക്ഷിക്കാം'– പ്രദേശവാസിയായ എം അനിൽകുമാർ പറഞ്ഞു.

ബോട്ടിലെ ഡ്രൈവറെയും ജീവനക്കാരെയും കണ്ടെത്തിയിട്ടില്ല. ടിക്കറ്റ് എടുക്കാതെയും ആളുകൾ കയറിയിട്ടുണ്ടെന്നാണ് വിവരം. ബോട്ടിലുണ്ടായിരുന്നവരുടെ എണ്ണത്തിൽ അവ്യക്തതക്ക് ഇടയാക്കിയതും ഇതാണ്.

'ഞായറാഴ്ച രാത്രി 11.40നാണ് അവസാന മൃതദേഹം കിട്ടിയത്. ചെളിയിൽ പൂണ്ടുകിടന്ന കുട്ടിയുടേതായിരുന്നു അത്. രാത്രിയിൽ രക്ഷാപ്രവർത്തനം ദുഷ്കരമായിരുന്നു. സമീപ ജില്ലകളിൽനിന്നുൾപ്പെടെ 15 യൂണിറ്റോളം അഗ്നിരക്ഷാ സേനാംഗങ്ങൾ എത്തി. എൻഡിആർഎഫ്, നേവി തുടങ്ങിയവയും രക്ഷാപ്രവർത്തനത്തിന്റെ ഭാഗമായി. അഗ്നിരക്ഷാസേനയുടെ 15ഓളം മുങ്ങൽ വിദഗ്ധരുമുണ്ടായിരുന്നു.'– താനൂർ സ്റ്റേഷൻ ഓഫീസർ എം കെ പ്രമോദ്കുമാർ പറഞ്ഞു.

രണ്ടുപേരുടെ ഉടമസ്ഥതയിലുള്ള അഞ്ച് ബോട്ടുകളാണ് പൂരപ്പുഴയിൽ വിനോദസഞ്ചാരികളെ കയറ്റിയിരുന്നത്. ബോട്ടിൽ പുക ഉയർന്നിരുന്നതായും ഇതേ തുടർന്ന് ആളുകൾ ഒരുവശത്തേക്ക് നീങ്ങിയതായും രക്ഷപ്പെട്ടവരിൽ ചിലർ പറയുന്നുണ്ട്. തൂവൽതീരത്തെ രണ്ട് ബോട്ട് ജെട്ടികളും നാട്ടുകാർ തകർത്തു.

ബോട്ട് അപകടമുണ്ടായ താനൂർ പൂരപ്പുഴയിൽ എൻഡിആർഎഫ് സംഘം തിരച്ചിൽ നടത്തുന്നു

ജുഡീഷ്യൽ അന്വേഷണം സ്വാഗതാർഹം: കുഞ്ഞാലിക്കുട്ടി

താനൂർ

ബോട്ട് ദുരന്തത്തിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ജുഡീഷ്യൽ അന്വേഷണം സ്വാഗതാർഹമെന്ന് പ്രതിപക്ഷ ഉപനേതാവ് പി കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു. ഒട്ടേറെ നിയമലംഘനം ഉണ്ടായിട്ടുണ്ട്. അത് ആവർത്തിക്കാതിരിക്കാനും സുരക്ഷിതയാത്രയ്ക്കും ജുഡീഷ്യൽ അന്വേഷണമാണ് നല്ലത്. സർവകക്ഷി യോഗത്തിൽ എല്ലാവരുടെയും ചർച്ചയുടെ അടിസ്ഥാനത്തിലാണ് സമാശ്വാസ തീരുമാനങ്ങളെടുത്തത്– അദ്ദേഹം പറഞ്ഞു.

പൂരപ്പുഴയിൽ വീണ്ടും ബോട്ട് മുങ്ങി

പൂരപ്പുഴയിൽ ബോട്ട് മുങ്ങിയ നിലയിൽ

താനൂർ

പൂരപ്പുഴയിൽ വീണ്ടും വിനോദസഞ്ചാര ബോട്ട് മുങ്ങിയ നിലയിൽ. നിറമരുതൂർ കാളാട് സ്വദേശി ചാരാത്ത് നിസാറിന്റെ ബോട്ടാണ് ഞായറാഴ്ച അപകടമുണ്ടായതിന് 350 മീറ്റർ മാറി മുങ്ങിയത്. ചൊവ്വ പകൽ 11വരെ നങ്കൂരമിട്ട് നിർത്തിയതായിരുന്നു. പകൽ രണ്ടിനുശേഷമാണ് മുങ്ങിയതെന്ന് പ്രദേശവാസികൾ പറഞ്ഞു.

ഫിറ്റ്നസ്, ലൈസൻസ് എന്നിവ ലഭിച്ച് ഒരുമാസം മുമ്പാണ് സർവീസ് ആരംഭിച്ചതെന്നും തകർത്തതാകാനാണ് സാധ്യതയെന്നും എൻജിൻ, ഫർണിച്ചർ എന്നിവ നശിച്ചനിലയിലാണെന്നും നിസാർ പറഞ്ഞു. രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്തിരുന്നു.

താനൂർ എസ്ഐ ആർ ഡി കൃഷ്ണലാലിന്റെ നേതൃത്വത്തിൽ സ്ഥലം സന്ദർശിച്ചു.

സവാദ് -യാത്രികനും രക്ഷകനും

മനു വിശ്വനാഥ്

താനൂർ

അറ്റ്ലാന്റിക് ബോട്ടിലെ യാത്രക്കാരിലൊരാളായിരുന്നു സവാദ്. അപകടത്തിൽപ്പെട്ട് മറിഞ്ഞപ്പോഴും ധൈര്യം കൈവിടാതെ രക്ഷകനായി. മുങ്ങിത്താഴ്ന്നവരെ കോരിയെടുത്തു.

ത്വാഹ ബീച്ച് സ്വദേശി സവാദ് സുഹൃത്തുക്കളായ സലാം അഞ്ചുടി, ഷഫീഖ് ബാബു, മുദസ്സിർ, ഹാരിസ് പരപ്പനങ്ങാടി എന്നിവർക്കൊപ്പമാണ് ബോട്ടിൽ കയറിയത്. യാത്ര തുടങ്ങി അൽപ്പസമയത്തിനകം എൻജിനിൽനിന്ന് പുക ഉയർന്നു. ബോട്ട് ജീവനക്കാരെ അറിയിച്ചതോടെ ശരിയാക്കിയാണ് യാത്ര തുടർന്നത്. പെട്ടെന്ന് ബോട്ട് ചരിഞ്ഞു. വാതിലിന്റെ വശത്തായതിനാൽ സവാദ് വെള്ളത്തിലേക്ക് ചാടുകയായിരുന്നു.

മുങ്ങി നിവർന്നപ്പോൾ ചുറ്റിലും നിലവിളി. മുകൾവശത്തുണ്ടായിരുന്ന കുട്ടികൾ മുങ്ങുന്നതു കണ്ടു. നീന്തിയെത്തി അവരെ ബോട്ടിന് മുകളിലെത്തിച്ച് സുരക്ഷിതരാക്കി. പുറത്തേക്ക് തെറിച്ചവർക്ക് കയർ എറിഞ്ഞുകൊടുത്തു.ബോട്ടിന്റെ വാതിൽ തകർത്ത് കൈയിൽകിട്ടിയവരെ മുഴുവൻ രക്ഷിക്കാനുള്ള ശ്രമമായി. സുഹൃത്തുക്കളും ഒപ്പംചേർന്നു. അപ്പോഴേക്കും രക്ഷാപ്രവർത്തനത്തിന് കൂടുതൽ ആളുകളെത്തി.

ബോട്ടിന്റെ വാതിലിൽ ഇടിച്ച് കാലിൽ മുറിവേറ്റു. എങ്കിലും രക്ഷാപ്രവർത്തനത്തിൽനിന്നും പിന്മാറിയില്ല. സിപിഐ എം ത്വാഹ ബീച്ച് ബ്രാഞ്ച് സെക്രട്ടറിയാണ് മത്സ്യത്തൊഴിലാളിയായ സവാദ്.

മണപ്പുറം ഫിനാൻസ് 10 ലക്ഷം നൽകും

കൊച്ചി

താനൂർ ബോട്ടപകടത്തിൽ മരിച്ച 22 പേരുടെ കുടുംബങ്ങൾക്ക് സഹായഹസ്തവുമായി മണപ്പുറം ഫിനാൻസ്. മരിച്ചവരുടെ ബന്ധുക്കൾക്കായി 10 ലക്ഷം രൂപ കൈമാറുമെന്ന് മണപ്പുറം ഫിനാൻസ് എംഡിയും സിഇഒയുമായ വി പി നന്ദകുമാർ അറിയിച്ചു.

ബോട്ട് അപകടത്തെ തുടർന്ന് താനൂർ ഒട്ടുംപുറം തൂവൽ തീരത്തെ ബോട്ട് ജെട്ടി നാട്ടുകാർ തകർത്ത നിലയിൽ

അന്വേഷണത്തിൽ എല്ലാം പുറത്തുവരും: മന്ത്രി

കാസർകാട്

താനൂർ ബോട്ടപകടത്തിന് കാരണമായ എല്ലാത്തരം അലംഭാവങ്ങളും അന്വേഷണത്തിൽ പുറത്തുവരുമെന്ന് മന്ത്രി എം ബി രാജേഷ് പറഞ്ഞു. സാങ്കേതികവും അല്ലാത്തതുമായ എല്ലാക്കാര്യങ്ങളും ജുഡീഷ്യൽ അന്വേഷണത്തിലുണ്ടാകുമെന്ന് മുഖ്യമന്ത്രിതന്നെ വ്യക്തമാക്കിയതാണെന്നും മന്ത്രി മാധ്യമപ്രവർത്തകരോട് പറഞ്ഞു.

കെട്ടിടനികുതി പത്തുകൊല്ലത്തിനുശേഷമാണ് നാമമാത്രമായി വർധിപ്പിച്ചത്. 25 ശതമാനംവരെ വർധിപ്പിക്കണമെന്ന് സംസ്ഥാന ധനകാര്യ കമീഷൻ ശുപാർശചെയ്തതാണ്. പെർമിറ്റ് ഫീസിൽ വലിയ വർധനയുള്ളതായാണ് പരാതി. അതും സാധാരണക്കാർക്ക് ബാധകമാകുന്ന വർധനയല്ല. കൂട്ടിയ നികുതി പിരിക്കില്ലെന്ന തരത്തിലുള്ള യുഡിഎഫ് പഞ്ചായത്തുകളുടെ പ്രമേയത്തിൽ രാഷ്ട്രീയപ്രചാരണം മാത്രമാണ് ഉദ്ദേശിക്കുന്നത്. പഞ്ചായത്ത്രാജ് നിയമപ്രകാരം അത്തരം പ്രമേയംകൊണ്ട് കാര്യമില്ലെന്ന് എല്ലാവർക്കും അറിയാവുന്നതാണെന്നും മന്ത്രി പറഞ്ഞു.

സുരക്ഷിത ബോട്ട് യാത്രയ്ക്ക് കർശന നടപടി വേണം

തിരുവനന്തപുരം

സംസ്ഥാനത്തെ യാത്രാ വിനോദസഞ്ചാര ബോട്ട് യാത്ര സുരക്ഷിതമാക്കാൻ സർക്കാർ കർശന നടപടി സ്വീകരിക്കണമെന്ന് കേരളാ കോൺഗ്രസ് എം സംസ്ഥാന ജനറൽ സെക്രട്ടറി കെ ആനന്ദകുമാർ ആവശ്യപ്പെട്ടു.

താനൂർ ബോട്ടപകടത്തിന്റെ പശ്ചാത്തലത്തിൽ, കേരളത്തിൽ സർവീസ് നടത്തുന്ന സർക്കാർ–സ്വകാര്യ ബോട്ടുകളുടെ ലൈസൻസ്, ഫിറ്റ്നസ്, യാത്രക്കാരുടെ എണ്ണം, ലൈഫ് ഗാർഡുകളുടെ സേവനം, ലൈഫ് ജാക്കറ്റുകളുടെ ഉപയോഗം തുടങ്ങിയവ നിയമപരമായി ഉറപ്പാക്കാൻ സർക്കാർ കർശനമായി ഇടപെടണമെന്നും അദ്ദേഹം പറഞ്ഞു.

വ്യാപാരി വ്യവസായി സമിതി സമ്മേളനം: പതാക ദിനം ഇന്ന്

കോഴിക്കോട്

കേരള വ്യാപാരി വ്യവസായി സമിതി സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി ബുധനാഴ്ച സംസ്ഥാന വ്യാപകമായി പതാക ദിനം ആചരിക്കും. വ്യാപാരി സമിതിയുടെ 2240 യൂണിറ്റുകളിലും 203 ഏരിയാ കേന്ദ്രങ്ങളിലും 14 ജില്ലാ കേന്ദ്രങ്ങളിലും പതാക ഉയരും.

കോഴിക്കോട്ടെ സംസ്ഥാന സമ്മേളന സ്വാഗതസംഘം ഓഫീസിൽ പ്രസിഡന്റ് വി കെ സി മമ്മദ് കോയ പതാക ഉയർത്തും. 23, 24, 25 തീയതികളിൽ കോഴിക്കോട്ടാണ് സംസ്ഥാന സമ്മേളനം. 23ന് വൈകിട്ട് നാലിന് കടപ്പുറം ഫ്രീഡം സ്ക്വയറിൽ പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനംചെയ്യും. 24, 25 തീയതികളിൽ ആശീർവാദ് ഓഡിറ്റോറിയത്തിലാണ് പ്രതിനിധി സമ്മേളനം.

കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിൽ രഥോത്സവം

മംഗളൂരു

കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിൽ അഷ്ടബന്ധ ബ്രഹ്മകലശോത്സവത്തിന്റെ ഭാഗമായി രഥോത്സവം നടന്നു. മുഖ്യതന്ത്രി നിത്യാനന്ദ അഡിഗയുടെ കാർമികത്വത്തിൽ ചൊവ്വാഴ്ച വൈകിട്ടാണ് മഹാരഥോത്സവം നടന്നത്.കലശോത്സവത്തിന്റെ ഭാഗമായി 10 ദിവസമായി പ്രത്യേക ചടങ്ങുകൾ നടന്നുവരികയാണ്. ബുധൻ രാത്രി ഒക്കൂലി, ചൂർണോത്സവം, അവഭൃതസ്നാനം മൃഗോത്സവം എന്നീ ചടങ്ങുകൾ നടക്കും.

വ്യാഴം രാവിലെ നടക്കുന്ന അശ്വാരോഹണോത്സവം, മഹാപൂർണാഹുതി, ദജ്ജാരോഹണം, പൂർണ കുംഭാഭികുംഭാഭിഷേകം തുടങ്ങിയ ചടങ്ങുകളോടെ അഷ്ടബന്ധ ബ്രഹ്മകലശോത്സവം സമാപിക്കും

ചർച്ചകൾ പുറത്ത്

സതീശൻ വാർത്താസമ്മേളനം റദ്ദാക്കി

ബത്തേരി

കെപിസിസി നേതൃയോഗത്തിലെ ചർച്ചകൾ പുറത്തുവന്നതോടെ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ വാർത്താസമ്മേളനം റദ്ദാക്കി. നേതൃയോഗം നടക്കുന്ന ബത്തേരിയിലെ പഞ്ചനക്ഷത്ര ഹോട്ടലിൽ തിങ്കൾ പകൽ പതിനൊന്നിനാണ് വാർത്താസമ്മേളനം വിളിച്ചത്. ഉദ്ഘാടന സമ്മേളനം നീണ്ടതിനാൽ വാർത്താസമ്മേളനം പകൽ രണ്ടിലേക്ക് മാറ്റിയതായി അറിയിച്ചു. എന്നാൽ, സതീശൻ എത്തിയില്ല. അപ്പോഴേക്കും നേതൃയോഗത്തിലെ ചർച്ചകൾ മാധ്യമങ്ങളിൽ വാർത്തയായി. ഇതോടെ വാർത്താസമ്മേളനം റദ്ദാക്കുകയായിരുന്നു.

കരിപ്പൂരിൽ 72 ലക്ഷം രൂപയുടെ സ്വർണം പിടിച്ചു

കരിപ്പൂർ

കരിപ്പൂർ വിമാനത്താവളത്തിൽ അനധികൃതമായി ഒളിച്ച് കടത്താൻ ശ്രമിച്ച 72 ലക്ഷം രൂപയുടെ സ്വർണം പിടികൂടി. മലപ്പുറം സ്വദേശി അനസിനെയാണ് 1280 ഗ്രാം സ്വർണവുമായി എയർ കസ്റ്റംസ് ഇന്റലിജൻസ് വിഭാഗം പിടികൂടിയത്. ജിദ്ദയിൽനിന്നും ഇൻഡിഗോ എയർലൈൻസിന്റെ വിമാനത്തിലാണ് അനസ് കരിപ്പൂരിലെത്തിയത്.

ഗൗരിയമ്മ അനുസ്മരണം 11ന്

ആലപ്പുഴ

സിപിഐ എം ജില്ലാ കമ്മിറ്റിയുടെ ഗൗരിയമ്മ അനുസ്മരണ ദിനാചരണം 11ന് ആലപ്പുഴ വലിയചുടുകാട്ടിൽ നടക്കും. രാവിലെ എട്ടിന് പുഷ്പാർച്ചനയ്ക്കുശേഷം അനുസ്മരണ സമ്മേളനം സിപിഐ എം കേന്ദ്ര കമ്മിറ്റിയംഗം സി എസ് സുജാത ഉദ്ഘാടനം ചെയ്യും. സംസ്ഥാന കമ്മിറ്റി അംഗം സി ബി ചന്ദ്രബാബു അധ്യക്ഷനാകും. ജില്ലാ സെക്രട്ടറി ആർ നാസർ, എ എം ആരിഫ് എംപി, എം എൽഎമാരായ പി പി ചിത്തരഞ്ജൻ, എച്ച് സലാം എന്നിവർ ഗൗരിയമ്മയെ അനുസ്മരിക്കും.

100 ദിന കർമ പദ്ധതി

സഹകരണ വകുപ്പിന്റെ 7 പദ്ധതി ഉദ്ഘാടനം ഇന്ന്

തിരുവനന്തപുരം

സംസ്ഥാന സർക്കാരിന്റെ മൂന്നാം 100 ദിന കർമപരിപാടിയിൽ ഉൾപ്പെടുത്തി സഹകരണ വകുപ്പ് നടപ്പിലാക്കുന്ന ഏഴു പദ്ധതിയുടെ ഉദ്ഘാടനം ബുധനാഴ്ച നടക്കും. രാവിലെ 10.30ന് സഹകരണ ഇ–കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ വഴി സഹകരണ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്ന പദ്ധതി മന്ത്രി വി എൻ വാസവൻ ഉദ്ഘാടനം ചെയ്യും. മന്ത്രിയുടെ ചേംബറിലാണ് പരിപാടി.

പാപ്പിനിവട്ടം എസ്സിബിയുടെ വിവിധ ഇനം എൽഇഡി ലൈറ്റുകൾ, റബ്കോയുടെ മാഗസിൻ റാക്ക്, ബീച്ച്ചെയർ, ട്രാവൽ മാട്രസ്, പില്ലോ എന്നിവയാണ് ആമസോൺ പ്ലാറ്റ്ഫോം വഴി വിപണിയിലെത്തിക്കുന്നത്.

11.30ന് സഹകരണ ബാങ്കുകളുടെ, സംഘങ്ങളുടെ ആർബിട്രേഷൻ കേസ് ഫയലുകൾ തീർപ്പാക്കാനുള്ള ആർബിട്രേഷൻ അദാലത്തുകളുടെ സംസ്ഥാനതല ഉദ്ഘാടനവും നൈപുണ്യവികസന വായ്പാപദ്ധതി, ടീം ഓഡിറ്റ് സംവിധാനം എന്നിവയുടെ പ്രഖ്യാപനവും മന്ത്രി നിർവഹിക്കും. തിരുവനന്തപുരം ജവാഹർ സഹകരണ ഭവൻ ഓഡിറ്റോറിയത്തിലാണ് പരിപാടി. മന്ത്രി ആന്റണി രാജു അധ്യക്ഷനാകും.

12 ന് ജവാഹർ സഹകരണ ഭവൻ ഓഡിറ്റോറിയത്തിൽ കേരള സ്റ്റേറ്റ് ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആൻഡ് ഗിഗ് വർക്കേഴ്സ് വെൽഫെയർ ഫെഡറൽ സഹകരണ സംഘത്തിന്റെ പ്രവർത്തനോദ്ഘാടനം മന്ത്രി വി എൻ വാസവൻ നിർവഹിക്കും. മന്ത്രി ആന്റണി രാജു അധ്യക്ഷനാകും. മന്ത്രി വി ശിവൻകുട്ടി തൊഴിലാളികളിൽനിന്ന് മെമ്പർഷിപ് ചേർക്കുന്നതിന്റെ ഉദ്ഘാടനം നിർവഹിക്കും.

ടെക്നോപാർക് ട്രാവൻകൂർ ഓഡിറ്റോറിയത്തിൽ പകൽ 3.30ന് ടെക്നോപാർക് എംപ്ലോയീസ് കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റിയുടെ എക്സ്റേ മാമോഗ്രാം മെഷീനുകളുടെ പ്രവർത്തന ഉദ്ഘാടനം മന്ത്രി വി എൻ വാസവൻ നിർവഹിക്കും. കടകംപള്ളി സുരേന്ദ്രൻ എംഎൽഎ അധ്യക്ഷനാകും.

കൊച്ചി നഗരസഭ

വിദ്യാഭ്യാസ സ്ഥിരംസമിതി വീണ്ടും എൽഡിഎഫിന്

> ബിജെപി സഹായത്തോടെ യുഡിഎഫ് അവിശ്വാസത്തിലൂടെ മാറ്റിയ എൽഡിഎഫിലെ വി എ ശ്രീജിത്തിനെ വീണ്ടും അധ്യക്ഷനായി തെരഞ്ഞെടുത്തു

സ്വന്തം ലേഖിക

കൊച്ചി

കൊച്ചി നഗരസഭാ വിദ്യാഭ്യാസ സ്ഥിരംസമിതി അധ്യക്ഷ തെരഞ്ഞെടുപ്പിൽ എൽഡിഎഫ് അംഗം വി എ ശ്രീജിത്തിന് വീണ്ടും വിജയം. യുഡിഎഫ്, ബിജെപി പിന്തുണയോടെ അവിശ്വാസപ്രമേയത്തിലൂടെ 26ന് ശ്രീജിത്തിനെ മാറ്റിയിരുന്നു. എന്നാൽ, ചൊവ്വാഴ്ച നടന്ന തെരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർഥി ബാസ്റ്റിൻ ബാബുവിനെ പരാജയപ്പെടുത്തി ശ്രീജിത്ത് വിജയിച്ചു.

ഒമ്പതംഗസമിതിയിൽ നാല് വോട്ട് നേടിയാണ് ശ്രീജിത്തിന്റെ വിജയം. ബാസ്റ്റിന് മൂന്ന് വോട്ട് ലഭിച്ചു. പേരും ഒപ്പും രേഖപ്പെടുത്താത്തതിനാൽ യുഡിഎഫ് അംഗം ഷീബ ഡ്യൂറോമിന്റെ വോട്ട് അസാധുവായി. സ്ഥിരംസമിതിയിൽ കഴിഞ്ഞദിവസം യുഡിഎഫിന്റെ അവിശ്വാസപ്രമേയത്തെ തുണച്ച, ബിജെപിയുടെ ഏക അംഗം പത്മജ എസ് മേനോൻ തെരഞ്ഞെടുപ്പിൽനിന്ന് വിട്ടുനിന്നു. ആരെയും പിന്തുണയ്ക്കരുതെന്ന് പത്മജയ്ക്ക് ബിജെപി വിപ്പ് നൽകിയിരുന്നു.

എഡിഎം എസ് ബിന്ദുവിന്റെ അധ്യക്ഷതയിലായിരുന്നു തെരഞ്ഞെടുപ്പ്. വോട്ടിങ് സ്ലിപ്പിൽ ശ്രീജിത് ഗുണന ചിഹ്നത്തിനു പകരം പേരിലെ ആദ്യക്ഷരങ്ങൾ എഴുതിയെന്ന് ചൂണ്ടിക്കാട്ടി യുഡിഎഫ് എതിർപ്പ് ഉയർത്തിയെങ്കിലും എഡിഎം അംഗീകരിച്ചില്ല.

വഴിയോര മത്സ്യക്കച്ചവടം

മീൻകൂട് പദ്ധതിയുമായി ഫിഷറീസ് വകുപ്പ്

- പൈലറ്റ് പദ്ധതി തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കും
- ചെലവ് 52 ലക്ഷം

സ്വന്തം ലേഖിക

കൊല്ലം

ആധുനികരീതിയിൽ വഴിയോര മീൻകച്ചവടം നടത്താൻ മീൻകൂട് പദ്ധതിയുമായി ഫിഷറീസ് വകുപ്പ്. വനിതകളാണ് ഗുണഭോക്താക്കൾ. അനുയോജ്യമായ സ്ഥലത്ത് മീൻകച്ചവടം നടത്താൻ പര്യാപ്തമായ 'സ്ട്രീറ്റ് ഫിഷ് വെൻഡിങ് കിയോസ്ക്– മീൻകൂട്' വിതരണം ചെയ്യുന്ന പൈലറ്റ് പദ്ധതി തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കും. 50 വനിതകൾക്കാണ് നൽകുക. യൂണിറ്റൊന്നിന് ഒരു ലക്ഷം രൂപയാണ് വില.

52 ലക്ഷം രൂപയാണ് പദ്ധതിക്കായി വിനിയോഗിക്കുന്നത്. ഇതിൽ സംസ്ഥാന സർക്കാർ 32 ലക്ഷം രൂപ നൽകും. 20 ലക്ഷം രൂപ ഗുണഭോക്തൃവിഹിതമാണ്. ഫൈബർ റീ ഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക് നിർമിതമായ ക്യാബിനിൽ കഴുകി ഉപയോഗിക്കാവുന്ന സ്റ്റീൽ ട്രേ, 220 ലിറ്റർ ഐസ്ബോക്സ്, മത്സ്യം വൃത്തിയാക്കാനുള്ള സൗകര്യം, മലിനജലം ശേഖരിക്കാനുള്ള സൗകര്യം, സോളാർ ലൈറ്റിങ് സൗകര്യം, ഇതിനുള്ള ബാറ്ററി, വേസ്റ്റ്ബിൻ എന്നിവ അടങ്ങിയതാണ് മീൻകൂട്. രാജ്യത്ത് മത്സ്യഉപഭോഗത്തിൽ മുന്നിലുള്ള കേരളത്തിൽ ഒരാൾ പ്രതിവർഷം 25.6 കിലോ മത്സ്യം കഴിക്കുന്നതായാണ് കണക്ക്. ദേശീയ ശരാശരി 2.4 കിലോയാണ്. വൃത്തിയും ഗുണമേന്മയും ഉറപ്പാക്കി മത്സ്യം ഉപയോക്താക്കൾക്ക് എത്തിക്കാൻ പദ്ധതി സഹായകരമാകും. സംസ്ഥാനത്തെ 43 മേജർ ചന്തകളിലും 123 ചെറു ചന്തകളിലുമായി ഏകദേശം 50000 വിൽപ്പനക്കാരാണുള്ളത്. ഘട്ടംഘട്ടമായി ഇവർക്ക് മീൻകൂട് ലഭ്യമാക്കി സാമൂഹ്യവും സാമ്പത്തികവുമായി ഉയർത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. വെയിലും മഴയുമേറ്റ് മണിക്കൂറുകൾ കച്ചവടം നടത്തുന്ന വനിതകൾക്ക് അതിൽനിന്ന് ശാശ്വത പരിഹാരം കൂടിയാണ് മീൻകൂട്.

സർക്കാർ രേഖകളിൽ വഖഫ് ഭൂമിയെന്ന് ചേർക്കാൻ നിർദേശം

തിരുവനന്തപുരം

വഖഫ് ഭൂമികളുടെ തണ്ടപ്പേരിലും ബിടിആർ രജിസ്റ്ററിലെ റിമാർക്സ് കോളത്തിലും റവന്യു വകുപ്പിന്റെ സോഫ്റ്റ്വെയറിലും വഖഫ് ഭൂമി എന്ന് രേഖപ്പെടുത്താൻ റവന്യു ഐടി സെല്ലിനും ജില്ലാ കലക്ടർമാർക്കും നിർദേശം നൽകി. വഖഫ് വസ്തുക്കളുടെ കൈയേറ്റം തടയാനും സർവേ പൂർത്തിയാക്കാനുമായി നിലവിൽ വന്ന വഖഫ്, റവന്യു മന്ത്രിമാരുടെ നേതൃത്വത്തിലുള്ള ഉന്നതതല മോണിറ്ററിങ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണിത്.

വഖഫ് ചെയ്ത ഭൂമി വിൽക്കാനോ കൈമാറ്റം ചെയ്യാനോ 1995ലെ കേന്ദ്ര വഖഫ് ആക്ട് അനുവദിക്കുന്നില്ല. എന്നാൽ, ഈ ഭൂമിയുടെ കൈമാറ്റമോ, വിൽപ്പനയോ നടത്തുമ്പോൾ വഖഫ് ഭൂമിയാണെന്ന് നടപടി സ്വീകരിക്കുന്ന ഉദ്യോഗസ്ഥന് തിരിച്ചറിയാനാകില്ല. അതുകൊണ്ടു തന്നെ അനധികൃത കൈമാറ്റം തടയാനും കഴിഞ്ഞിരുന്നില്ല. അത്തരം സാഹചര്യം ഒഴിവാക്കാനാണ് നടപടി. ബന്ധപ്പെട്ട രേഖകളിൽ വഖഫ് ഭൂമി എന്ന് രേഖപ്പെടുത്തുന്ന നടപടി വേഗത്തിൽ പൂർത്തിയാക്കാനും നിർദേശിച്ചു.

യുവത നടന്നു, കൊച്ചിയുടെ വൈവിധ്യങ്ങളിലേക്ക്

കൊച്ചി കാലിഡോസ്കോപ്പ് എന്ന പൈതൃക പരിചയ പരിപാടി യുജവന ക്ഷേമ ബോർഡ് വൈസ് ചെയർമാൻ എസ് സതീഷ് ഫ്ലാഗ് ഓഫ് ചെയ്യുന്നു

സ്വന്തം ലേഖിക

കൊച്ചി

ഇന്നത്തെ മെട്രോ നഗരത്തിനപ്പുറം പോരാട്ടവും പാട്ടും കലയും ചേർന്ന സാംസ്കാരിക വൈവിധ്യങ്ങളുടെ ഇടംകൂടിയാണ് കൊച്ചി എന്ന അറിവുമായി ചരിത്രസത്യങ്ങൾക്ക് കാതോർത്ത് യുവത നടന്നു. കൊച്ചിയുടെ വൈവിധ്യങ്ങളിലേക്ക് അവരെ കൂട്ടിക്കൊണ്ടുപോകാൻ കൊച്ചിയുടെ ചരിത്രകാരനും ചിത്രകാരനുമായ ബോണി തോമസും ഒപ്പം ചേർന്നു.

ഡിവൈഎഫ്ഐയുടെ യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ ഭാഗമായുള്ള 'കൊച്ചി കാലിഡോസ്കോപ്' സാംസ്കാരിക നടത്തം ഫോർട്ട് കൊച്ചി റോ–റോ ജെട്ടി പരിസരത്തുനിന്നാണ് തുടങ്ങിയത്. തീരത്തെ ചീനവലയ്ക്കരികിൽനിന്ന് കൊച്ചിൻ കോർപറേഷൻ കെട്ടിടം, കോഡർ ഹൗസ്, ഓൾഡ് ഹാർബർ ഹോട്ടൽ, ടവർഹൗസ്, വാസ്കോ ഡ ഗാമ സ്ക്വയർ, ബാസ്റ്റിൻ ബംഗ്ലാവ്, സെന്റ് ഫ്രാൻസിസ് ചർച്ച്, പരേഡ് ഗ്രൗണ്ട്, കൊച്ചിൻ ക്ലബ്, ഡേവിഡ് ഹാൾ, ഡച്ച് സെമിത്തേരി എന്നിവിടങ്ങളിലേക്കുള്ള നടത്തം അവസാനിച്ചത് സൗത്ത് ബീച്ച് പരിസരത്താണ്.

ഉദ്ഘാടനയോഗത്തിൽ ഡിവൈഎഫ്ഐ സംസ്ഥാന സെക്രട്ടറി വി കെ സനോജ് അധ്യക്ഷനായി. യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ എസ് സതീഷ് നടത്തം ഫ്ലാഗ്ഓഫ് ചെയ്തു. യുവതയുടെ യാത്ര ഒരു രാഷ്ട്രീയ പ്രവർത്തനംകൂടിയാണെന്ന് ബോണി തോമസ് പറഞ്ഞു.

യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവൽ സ്വാഗതസംഘം ജനറൽ കൺവീനർ വി വസീഫ്, യുവജന കമീഷൻ അധ്യക്ഷൻ എം ഷാജർ, ഡിവൈഎഫ്ഐ കേന്ദ്രകമ്മിറ്റി അംഗം ആർ രാഹുൽ, സംസ്ഥാന സെക്രട്ടറിയറ്റ് അംഗം മീനു സുകുമാരൻ, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ നിഖിൽ ബാബു, എൽ ആദർശ്, ബിബിൻ വർഗീസ്, ജില്ലാ സെക്രട്ടറി എ ആർ രഞ്ജിത്, പ്രസിഡന്റ് അനീഷ് എം മാത്യു, ജില്ലാ കമ്മിറ്റി അംഗം ചിഞ്ചു ബി കൃഷ്ണ, സിപിഐ എം ജില്ലാ കമ്മിറ്റി അംഗം കെ എം റിയാദ് എന്നിവർ പങ്കെടുത്തു.